മലയാളിയുടെ നോവൽ വായനാശീലത്തിൽ പരിഭ്രാന്തിയുടെ വിത്തുകൾ വാരിവിതറി, ഒരു പേടിസ്വപ്നം പോലെ, ഓർമ്മകളുടെ നിറമുള്ള കുപ്പിച്ചില്ലുകൾ ചിതറിച്ചു കൊണ്ടാണ് മൂന്നുദശകം മുമ്പ് സേതുവിന്റെ 'പാണ്ഡവപുരം' പുറത്തുവന്നത്. രാഷ്ട്രീയമായ ഒരു നീണ്ട രാത്രിയുടെ പേടിസ്വപ്നങ്ങളും ഷണ്ഡീകരണഭീതിയും തങ്ങിനിന്ന കാലാവസ്ഥയിലായിരുന്നു ഏതാണ് ഉണ്മ, ഏതാണ് പൊയ്, എന്ന ചോദ്യമുയർത്തി യഥാർത്ഥം.അയഥാർത്ഥം എന്ന ദ്വന്ദ്വത്തെ പ്രശ്നവത്കരിച്ചു കൊണ്ടു ആ നോവൽ ശീലങ്ങളെ തകിടം മറിച്ചത്--ആസ്വാദനത്തിന്റെയും ആഖ്യാനത്തിന്റെയും. പെൺപിറവിയുടെ അകം കാണാൻ നടത്തിയ വിധ്വംസകമായ ശ്രമമായിരുന്ന 'പാണ്ഡവപുരം' റിയലിസത്തിന്റെ വസ്തുനിഷ്ഠതയോടും സമഗ്രതാഭാവത്തോടും ആഖ്യാനപരമായി ഏറ്റുമുട്ടി. പെണ്ണിനെയും, ആൺ-പെൺബന്ധത്തെയും ലൈംഗികതയെയും കുറിച്ചുള്ള വ്യവസ്ഥാപിത സങ്കല്പങ്ങളെ അതു പിടിച്ചുലച്ചു. പിന്നീട് സേതു എഴുതിയ ഓരോ നോവലിലും പെണ്ണകത്തേക്കുള്ള സരളവും സങ്കീർണ്ണവുമായ യാത്രകളുണ്ടായിരുന്നു. 'നിയോഗം' (1987), 'കൈമുദ്രകൾ' (1997), 'അടയാളങ്ങൾ' (2005), 'ആറാമത്തെ പെൺകുട്ടി' (2006), 'കിളിമൊഴികൾക്കപ്പുറം'(2009) എന്നിവയെല്ലാം ആ യാത്രകളാണ്. മറ്റൊരു നോവലിസ്റ്റും പെൺപ്രകൃതിയിലേക്ക് വീണ്ടും വീണ്ടും ഇങ്ങനെ പോയിട്ടില്ല. സങ്കീർണ്ണമായ ഒട്ടേറെ പ്രശ്നമുഖങ്ങളാണ് ഈ ആഖ്യാനസഞ്ചാരങ്ങൾ തുറന്നിട്ടത്. ആൺ-പെൺബന്ധങ്ങൾ, നിലയ്ക്കാതെ തുടരുന്ന ലിംഗയുദ്ധം, പിതാവിനു വേണ്ടിയുള്ള തൃഷ്ണ, അബോധപൂർവകമായ പകരം വയ്ക്കലുകൾ, സ്നേഹതൃഷ്ണകൾ---ലൈംഗികതയുടെ യുദ്ധകാണ്ഡമാണ് ആ നോവലുകളിൽ എഴുതപ്പെട്ടത്. പെൺലൈംഗികയെക്കുറിച്ചുള്ള ചർച്ചകൾ പൊതുമണ്ഡലത്തിൽ നിന്നു മലയാളി സൗകര്യപൂർവ്വം മാറ്റിനിറുത്തിയിരുന്ന കാലങ്ങളിലാണ് സേതു രതിയുടെയും അബോധത്തിന്റെയും തൃഷ്ണയുടെയും ലിംഗസംഗരത്തിന്റെയും തീവ്രതകൾ നോവലിലേക്ക് കൊണ്ടുവന്നത്. ആദർശാത്മകമായ സ്ത്രീ-പുരുഷബന്ധസങ്കല്പത്തിനും അതിനെ ആധാരമാക്കിയുള്ള കുടുംബവും വിവാഹവും ഉൾപ്പെടെയുള്ള സാമൂഹിക സ്ഥാപനങ്ങൾക്കും ഞെട്ടലുണ്ടാക്കാൻ പോന്ന ആശയങ്ങളായിരുന്നു അവ. വ്യവസ്ഥാപിത ലൈംഗിക സദാചാരത്തിനും സ്ത്രീത്വസങ്കല്പത്തിനുമെതിരായ പെൺവിനിമയങ്ങളാൽ നിർഭരമായ ആ നോവലുകൾ ഉയർത്തിയ മറുലോകങ്ങളുടെ സന്ദേശം മലയാളിയുടെ ചിന്താജീവിതം വേണ്ടവിധത്തിൽ ഏറ്റുവാങ്ങിയോ എന്നു സംശയമുണ്ട്.

*(പികെ.രാജശേഖരൻ - (പുസ്തകത്തിന്റെ അവതാരികയിൽ) -ജൂൺ 2010)*

Narratives portraying six women characters of earlier novels spanning more than three decades are recreated in this book. No two characters are alike. They have different moorings and come from different social strata, though some aspects are universal…. Characterisation is powerful and the protagonists are products of a complex web of factors that go into the shaping of their outlook. The novelist has provided commendable insight and sustained the same standard in craft and technique. It is notable that the male characters fade into oblivion as he makes it abundantly clear that he is more sympathetic to the females than all the feminist writers.

*(K. Kunhikrishnan - Facets of Women - Hindu dated November 22, 2010)*

ഇരുളും മൂടൽമഞ്ഞും പേടിസ്വപ്നങ്ങളുമുറയുന്ന പെണ്ണകങ്ങളെ, അതിന്റെ ഗന്ധനാദങ്ങളെ, വാക്കിന്റെ മഹാമാന്ത്രികത കൊണ്ടു പിടിച്ചെടുത്ത അപൂർവ്വം എഴുത്തുകാരിൽ ഒരാളാണ് സേതു. സ്ത്രീമനസ്സിന്റെ ഇടനാഴികളിൽ പെയ്യുന്ന നിലാവിന്റെ ശുഭ്രധാരകളെ പാടിപ്പുകഴ്ത്തുന്നതിനുമപ്പുറം അവളുടെ ആഭ്യന്തരലോകത്തിന്റെ ഇരുൾതീരങ്ങളെ പുണരുന്ന സർപ്പസാന്നിധ്യങ്ങളെ കൃത്യമായും നിശിതമായും അപഗ്രഥിക്കുകയായിരുന്നു അദ്ദേഹം. അത്തരം അപഗ്രഥനങ്ങളെയാകട്ടെ, ന്യായവിധിയുടെ ചുറ്റിക പ്രഹരങ്ങളാക്കാതിരിക്കാനും ഈ നോവലിസ്റ്റ് മുതിരുകയുണ്ടായി. കോയ്മയുടെ പുരുഷാരവങ്ങളിൽപ്പെട്ട് പിടയുമ്പോഴും ദിശതെറ്റലിന്റെ താളക്കേടുകളിലേക്ക് തെന്നുമ്പോഴും പ്രതിരോധങ്ങളുടെ വീരഗാഥകൾ വിരചിക്കുന്നവരാണ് സേതുവിന്റെ നായികകഥാപാത്രങ്ങളെല്ലാം. ഒന്നു കുതറാതിരിക്കാൻ കഴിയാത്ത വിധം ഊർജ്ജസ്വലരാണവർ.

തന്റെ തൂലികയുടെ പോർമുഖങ്ങളിൽ നിന്നു പിറവി കൊണ്ട നോവലുകളിലെ നായികകഥാപാത്രങ്ങളെ വലംവച്ചു 'പെണ്ണകങ്ങൾ' എന്ന ശീർഷകത്തിൽ പുത്തനായൊരു നോവൽഘടനയെ രൂപപ്പെടുത്തിയ ഈ എഴുത്തുകാരൻ, സ്ത്രീദുരിതങ്ങളെ പതിവു ഫെമിനിസത്തിന്റെ ശാഠ്യങ്ങളിലേക്ക് ഒതുക്കുന്നില്ല. മറിച്ചു പ്രകൃതി അവൾക്ക് നല്കിയിട്ടുള്ള യഥാർത്ഥസത്തയെ ജീവിതത്തിന്റെ നാഥനില്ലാക്കളരിയിലേക്ക് വിളക്കിച്ചേർക്കുകയാണ് ചെയ്തത്. ഫെമിനിസ്റ്റ് സൈദ്ധാന്തികവരൾച്ചയെ ജീവിത യാഥാർത്ഥ്യത്തിന്റെ കാഠിന്യങ്ങൾ കൊണ്ടു ഉർവരമാക്കിയ ഈ എഴുത്തുകാരനെ വെറുമൊരു സ്ത്രീപക്ഷവക്താവായി പരിമിതപ്പെടുത്തുന്നത് മലയാള സാഹിത്യചരിത്രത്തോട് ചെയ്യുന്ന ഉന്മാദനിർഭരമായ അനീതിയായിരിക്കും.

*(പി.എം.ഷുക്കൂർ - പോരിടങ്ങളിലെ സ്ത്രീജീവിതം - വാരാദ്യമാധ്യമം - നവമ്പർ 7, 2010)*

പെണ്ണകങ്ങളിൽ ആവർത്തിച്ചു നിലകൊള്ളുന്ന പ്രമേയം തേടലാണ്. തേടലും കാത്തിരിപ്പും ഒരു പോലെ സംഭവിക്കുന്നു. ദേവിയും മോഹനയും പ്രിയംവദയും, കാതറീനും, കാദംബരിയുമെല്ലാം തേടിത്തേടി അലയുന്നവരാണ്. ദേവി ജാരനെ കാത്തു റെയിൽവെ സ്റ്റേഷനിൽ ചെന്നിരിക്കുന്നതിൽ തുടങ്ങി വീണ്ടും അവിടെത്തന്നെ അയാളെ കാത്തിരിക്കുന്നതിൽ അവസാനിക്കുന്നു. ഇതിനിടയിലാണ് കഥയിലെ ആഖ്യാനഭാഗം കിടക്കുന്നത്. ഒരർത്ഥത്തിൽ കഥയിലെ ആഖ്യാനത്തിനകത്തെ സംഭവങ്ങൾ അപ്രസക്തമാണെന്ന മട്ടിൽ തന്നെയാണത്. ഇവിടെ ജാരൻ സ്ത്രൈണലൈംഗികതയുടെ ഇരിപ്പിടമാണ്. അതേസമയം, നിരാസവുമാണ്. ഇവയ്ക്കിടയിലൂടെ ദേവി നടത്തുന്ന ലൈംഗികമായ സ്വത്വസ്ഥാപനമാണ് തേടലും കാത്തിരിപ്പും. ആ അർത്ഥത്തിൽ പരമ്പരാഗതമായ കാല്പനികാനുഭവത്തിൽ നിന്നു വിടുതി നേടിയ വിധ്വംസകത ഈ തേടലിനുമുണ്ട്.

കാതറിനും കാദംബരിയും മോഹനയും ഈ അലച്ചിലിൽ സ്വയം അപ്രത്യക്ഷരാവുന്നവരാണ്. അവരുടെ അസ്തിത്വം തന്നെ പൊഴിച്ചു കളഞ്ഞു കൊണ്ടു അതൊരു ഭ്രമാത്മകമായ തോന്നൽ മാത്രമായിരുന്നുവെന്ന വണ്ണം അവരെല്ലാം കടന്നു കളയുന്നു. അത് ഒളിച്ചോട്ടമല്ല. മറിച്ചു തങ്ങളെത്തന്നെ പൂർത്തീകരിക്കാനും തങ്ങളുടെ അസ്തിത്വത്തെ സ്ഥിരീകരിക്കാനുമുള്ള വെമ്പൽ തന്നെയാണ്. അവിടെ കാപട്യമില്ല. തങ്ങൾക്കു യഥാർത്ഥത്തിൽ വേണ്ടതെന്തെന്നു തിരിച്ചറിഞ്ഞവരാണവർ. വ്യക്തിത്വത്തെക്കാൾ ഉയർന്ന ഒരു കർത്തൃത്വതലം - തങ്ങളുടെ മേൽ തങ്ങൾക്കു തന്നെയുള്ള ഓട്ടോണമി - തിരിച്ചറിഞ്ഞവരാണവർ. അവർ ആർക്കും കീഴടങ്ങുന്നില്ല. ആരെയും കീഴടക്കുന്നുമില്ല.

*(ജി.ഉഷാകുമാരി - തേടുന്നവർ, കാത്തിരിക്കുന്നവർ - തേജസ് - ഫെബ്രുവരി 6, 2011)*

സ്ത്രീമനസ്സിന്റെ കാമനകളെ അവയുടെ മേച്ചിൽപ്പുറങ്ങളിലേക്ക് അലയാൻ വിട്ട് കാഴ്ചക്കാരനായി മാറുന്നില്ല സേതു ഇവിടെ. വിധിനിയാതാവിന്റെ കൈയിൽ സൃഷ്ടികൾ ഭദ്രമാവുന്നതുപോലെ കഥാപാത്രങ്ങളുടെ ഗതിവിഗതികളുടെ കടിഞ്ഞാൺ നോവലിസ്റ്റിൽ തന്നെയാണ് എന്ന് അടിവര യിടുന്നതാണ് പെണ്ണകങ്ങളിലെ തഴക്കം വന്ന കൈയൊതുക്കം. മോഹനവലയങ്ങളുടെ ചക്രവ്യൂഹം ഭേദിച്ചെത്തുന്ന ജാരനെ ആവാഹിക്കാൻ കാത്തിരിക്കുന്ന ദേവിയുടെ മനോനിലയിൽ നിന്നു മലങ്കാറ്റിന്റെ പ്രചണ്ഡതാളത്തിനോടൊപ്പം തന്നിലേയ്ക്ക് വിതയ്ക്കപ്പെട്ട ജീവബീജങ്ങളുടെ ഗർഭം ധരിക്കുന്ന കമലാക്ഷിയിലും അടിവയറിന്റെ അവസാനിക്കാത്ത തേങ്ങലുണ്ട്. രത്യഭിലാഷത്തിന്റെ അടങ്ങാത്ത തീനാളങ്ങളുണ്ട്. ദേവിയേയും കമലാക്ഷിയേയും വാർത്തെടുത്ത മൂശ ഒന്നുതന്നെയാണ്. ആറ് വ്യത്യസ്ത കഥാപാത്രങ്ങളെ ഒരു കുടക്കീഴിൽ അവതരിപ്പിക്കുമ്പോൾ എഴുത്തുകാരന് പശ്ചാത്തലം നിയന്ത്രിക്കേണ്ടി വരുന്നു. ഈ നയപരമായ ഇടപെടലുകൾ ഒരു നൂലേണിയിലൂടെയുള്ള സഞ്ചാരമാണ്. സേതുവിന്റെ മാസ്റ്റർപീസായ പാണ്ഡവപുരത്തിലെ ദേവിയോടൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നവരാണ് പെണ്ണകങ്ങളിലെ മറ്റു കഥാപാത്രങ്ങളും.

ഒതുക്കിപ്പറയുന്നതിന്റെ സൗന്ദര്യം എന്താണെന്നു കാണിച്ചു തരുന്ന പെണ്ണകങ്ങൾ സ്ത്രീമനസ്സിന്റെ അനന്തമായ യാത്രകളെയാണ് അവതരിപ്പിക്കുന്നത്. അഭിലാഷങ്ങളുടെയും ഇച്ഛകളുടെയും യാത്രകൾക്ക് അടക്കിപ്പിടിച്ച തേങ്ങലുകൾ പശ്ചാത്തലമൊരുക്കുന്നു. സ്നേഹം/സ്നേഹനഷ്ടം എന്ന വികാരത്തിന്റെ ബഹിർസ്ഫുരണമായി ജീവിക്കുന്ന കഥാപാത്രങ്ങളുടെ സങ്കീർണ്ണതകളാണ് 'പെണ്ണകങ്ങ'ളുടെ ആകത്തുക. ഭ്രമാത്മകമായ സങ്കീർണ്ണതകളുടെ പിരിയൻ ഗോവണി വായനയാകുന്നു 'പെണ്ണകങ്ങൾ'.

*(രാഹുൽ രാധാകൃഷ്ണൻ - പ്രതീതിലോക ഫാന്റസികൾ - ഇന്ത്യാ ടുഡെ - മെയ് 4, 2011)*